## പതിന്നാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1414** **13.07.2016-ൽ മറുപടിക്ക്**

**<u>കരുവേലി താലൂക്ക് ആശുപത്രിയിൽ സർജനെ നിയമിക്കാൻ നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ. മാക്സി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ)കൊച്ചി മണ്ഡലത്തിലെ കരുവേലി താലൂക്ക് ആശുപത്രിയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് നവീകരിച്ച പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിൽ സർജനെ നിയമിക്കാത്തത് കാരണം പ്രസ്തുത വാർഡ് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ സർജനെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (എ) കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിൽ ഒഴിവുള്ള ഒരു കൺസൾട്ടന്റിന്റെ തസ്തിക സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഡോ.പി.കെ.ദിലീപ് കുമാർ ജോലി നോക്കി വരുന്ന സാഹചര്യത്തിൽ സർജന്റെ ഒഴിവു മൂലം പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് ഉപയോഗ ശൂന്യമായി കിടക്കുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ